# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നെടുമുടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP.P-1/1063/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമുടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-1/1063/2023 തീയ്യതി: 03/10/2023

# ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 20-07-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 20-07-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമോൾ പി.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി മൻമദൻ നായർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ബിജു കെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രദീപ് പി വി | കൃഷി ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീമതി. വന്ദന വി | കൃഷി ഓഫീസർ | 01-06-2022 | 31-03-2023 |
| ഡോ. ദീപ എസ് | വെറ്ററിനറി സർജൻ | 01-04-2022 | 14-06-2022 |
| ഡോ. ദീപ എൽ | വെറ്ററിനറി സർജൻ | 15-06-2022 | 31-03-2023 |
| ഡോ. നജുമുദ്ദീൻ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2022 | 31-03-2023 |
| ഡോ. ധന്യ സി | മെഡിക്കൽ ഓഫീസർ(ആയർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രമീള എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രജിഷാകുമാരി റ്റി എസ് | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. രാജി ആർ നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ലീനാമോൾ എൻ.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 14-10-2022 |
| ശ്രീമതി സനിത എസ് | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്) | 15-10-2022 | 03-11-2022 |
| ശ്രീമതി. ലീന കെ നായർ റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 04-11-2022 | 31-03-2023 |
| ശ്രീമതി. രശ്മി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.അഭിലാഷ് എം.എ. | വി.ഇ.ഒ. | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കിൽ എക്സസ്സ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിക്ചറിൽ വ്യത്യാസം | 1-1-2 |
| 4 | ക്യാഷ് ഫ്ലോ-യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല | 1-1-3 |
| 5 | വാർഷിക കണക്കിലെ വസ്തുനികുതി കളക്ഷൻ തുക സഞ്ചയ പ്രകാരമുള്ള കളക്ഷനുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ചെലവഴിക്കാനവശേഷിക്കുന്ന ഗ്രാന്റ് തുകകളും അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ലേലകുടിശ്ശിക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | എം.ജി.എൻ.ആർ.ഇ.ജി.എസ്.-ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | ലൈസൻസ് - 11,000/- രൂപ കുറവായി ഈടാക്കി- | 1-10 |
| 20 | സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-11 |
| 21 | പാലത്തിക്കാട് കടത്ത് ലേലം- 25,000/- രൂപ കുടിശ്ശിക നിലനിൽക്കുന്നു | 1-12 |
| 22 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി- | 1-13 |
| 23 | തുക ഒടുക്കിയിട്ടും മരുന്ന് യഥാസമയം ലഭ്യമായില്ല | 1-14 |
| 24 | മൺചട്ടി - പ്രോജക്ടിനേക്കാൾ അധിക നിരക്കിൽ വാങ്ങി | 1-15 |
| 25 | ഗ്രോ ബാഗ് വിതരണം എസ്.സി - ഗുണഭോക്തൃവിഹിതം ഈടാക്കിയത് ചെലവഴിച്ചില്ല | 1-16 |
| 26 | കുറ്റിക്കുരുമുളക് തൈ വിതരണം - അപാകതകൾ | 1-17 |
| 27 | സബ് സെന്ററുകളുടെ വാടക - കരാർ പ്രകാരമുള്ള തുകയേക്കാൾ അധികം പിൻവലിച്ചു | 1-18 |
| 28 | മഴക്കാല പൂർവ ശുചീകരണം- തുക ചെലവഴിച്ചില്ല-1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 29 | ഫൈൻ ഈടാക്കിയതിൽ കുറവ് 2,788/- | 1-20 |
| 30 | ആദായ നികുതി ഈടാക്കിയില്ല – നഷ്ടം 7,367/- | 1-21 |
| 31 | GST ഈടാക്കിയില്ല. നഷ്ടം - 14,735/- | 1-22 |
| 32 | ആദായ നികുതി ഈടാക്കിയില്ല നഷ്ടം - 11,208/- | 1-23 |
| 33 | വില മുൻകൂറായി നൽകിയെങ്കിലും ആയുർവ്വേദ മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 1-24 |
| 34 | വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനവിലയിനത്തിൽ മാർക്കറ്റ് നിരക്കിനേക്കാളും കൂടുതൽ അനുവദിച്ചു | 1-25 |
| 35 | ചെലവ് വൗച്ചറിനേക്കാൾ അധികം തുക വാഹനവാടക നൽകി | 1-26 |
| 36 | അനുപൂരക പോഷകാഹാര പരിപാടി -അപാകത | 1-27 |

| | | |
|---|---|---|
| 37 | നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 38 | ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ | 1-29 |
| 39 | ഐ.കെ.എം. വിഹിതം - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-30 |
| 40 | സ്ട്രീറ്റ് മെയിൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-31 |
| 41 | തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും | 1-32 |
| **ഭാഗം 2** | | |
| 1 | ലൈസൻസ് - കുറവായി ഈടാക്കി-11,000/- രൂപ നഷ്ടം | 2-1 |
| **ഭാഗം 3** | | |
| 1 | മൺചട്ടി - പ്രോജക്ടിനേക്കാൾ അധിക നിരക്കിൽ വാങ്ങി | 3-1 |
| 2 | കുറ്റിക്കുരുമുളക് തൈ വിതരണം - അപാകതകൾ | 3-2 |
| 3 | സബ് സെന്ററുകളുടെ വാടക - കരാർ പ്രകാരമുള്ള തുകയേക്കാൾ അധികം പിൻവലിച്ചു | 3-3 |
| 4 | ചെലവ് വൗച്ചറിനേക്കാൾ അധികം തുക വാഹനവാടക നൽകി | 3-4 |
| 5 | ഫൈൻ ഈടാക്കിയതിൽ കുറവ് 2,788/- | 3- 5 |
| 6 | ജി.എസ്.ടി. ഈടാക്കിയില്ല. നഷ്ടം - 14,735/- | 3-6 |
| 7 | ആദായ നികുതി ഈടാക്കിയില്ല – നഷ്ടം 7,367/- | 3-7 |
| 8 | ആദായ നികുതി ഈടാക്കിയില്ല നഷ്ടം – 11,208/- | 3-8 |
| 9 | വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനവിലയിനത്തിൽ മാർക്കറ്റ് നിരക്കിനേക്കാളും കൂടുതൽ അനുവദിച്ചു. നഷ്ടം 11,310/- | 3-9 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടി വിവരങ്ങൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2023-ലെ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക കണക്കിൽ റേഷ്യോസ്, അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 വാർഷിക കണക്കിൽ എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിക്ചറിൽ വ്യത്യാസം

മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ-1 പ്രകാരം പഞ്ചായത്തിന്റെ Excess Of Income Over Expenditure 1,06,04,138/- രൂപ ആയിരുന്നു. എന്നാൽ തൻവർഷത്തെ Excess Of Income Over Expenditure (-)5,59,468 രൂപയാണ്.

### 1-1-3 ക്യാഷ് ഫ്ലോ-യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [(-)34,68,472 രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [9,60,548/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-4 വാർഷിക കണക്കിലെ വസ്തുനികുതി കളക്ഷൻ തുക സഞ്ചയ പ്രകാരമുള്ള കളക്ഷനുമായി പൊരുത്തപ്പെടുന്നില്ല**

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി DCB പരിശോധിച്ചതിൽ ഡിമാന്റ്, ബാലൻസ് തുകകൾ വാർഷിക കണക്കിലെ ഡിമാന്റ്, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നുണ്ട്. എന്നാൽ കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | സഞ്ചയ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| Residential Building (Arrears) | 16,557 | 16,966 |
| Residential Building (Current) | 13,43,517 | 13,37,687 |
| Non Residential Building (Arrears) | 1,77,717 | 1,80,304 |
| Non Residential Building (Current) | 10,11,304 | 10,23,397 |

**1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. 31.3.2023 ലാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-6 ചെലവഴിക്കാനവശേഷിക്കുന്ന ഗ്രാന്റ് തുകകളും അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം Development Fund Central Finance Commission Grant – Tied ഇനത്തിൽ തൻവർഷത്തെ ആകെ ചെലവ് 50,80,112/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6) പ്രകാരം ഈയിനത്തിലുള്ള ചെലവ് 49,37,212/- രൂപയാണ്. 1,42,900/-രൂപയുടെ വ്യത്യാസം കാണുന്നു.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Development Fund Central Finance Commission Grant -Un Tied ഇനത്തിൽ 18,19,956/- രൂപയ്ക്ക് പകരം 18,89,672/- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. 69,716/- രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

**1-1-7 ലേലകുടിശ്ശിക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

ലേലരജിസ്റ്റർ ഡി.സി.ബി പരിശോധിച്ചതിൽ 2022-23 വർഷത്തെ കുടിശ്ശിക 73,606/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ടി ഇനത്തിലെ കുടിശ്ശിക 77,850/- രൂപയെന്ന് കാണുന്നു.

**1-1-8 എം.ജി.എൻ.ആർ.ഇ.ജി.എസ്.-ചെലവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

എം.ജി.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലുള്ള ആകെ ചെലവ് 5,77,66,595/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(C) പ്രകാരമുള്ള ആകെ ചെലവ് 4,11,06,269/-രൂപയെന്ന് കാണുന്നു.

**1-1-9 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല**

ഇ ടെണ്ടർ ഫീസിനത്തിൽ തൻവർഷം ലഭിച്ച തുക സ്ഥാപനത്തിന്റെ ആസ്തിയായി ചേർത്തിട്ടില്ല. കൂടാതെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. 2018 വരെ ആർജ്ജിച്ച ആസ്തികൾ മാത്രമാണ് ടി രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് 15.03.22 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 20,55,80,332 | 20,40,67,000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 13,29,53,061 | 13,99,98,987 |

**പുതുക്കിയ ബജറ്റിന്റെ വിവരം**

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് 22.02.2023 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 20,55,80,332 | 20,15,67,000 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 1,52,19,078 |
| വരവ് | 3,53,64,719 |
| ആകെ | 5,05,83,797 |
| ചെലവ് | 3,44,04,171 |
| നീക്കിയിരിപ്പ് | 1,61,79,626 |

**1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ.പ്രോജക്റ്റ് | പ്രോജക്റ്റ് | ലാപ്സായ തുക |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24,85,149 | 1,48,48,851 | 1,73,34,000 | 24,85,149 | 1,33,74,651 | 14,74,200 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3,73,447 | 43,68,553 | 47,42,000 | 3,73,447 | 36,08,031 | 7,60,522 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 17,09,200 | 0 | 43,38,452 | 60,47,652 | 0 | 49,37,212 | 11,10,440 (വ്യത്യാസം 1,42,900) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 7,29,262 | 0 | 28,24,245 | 35,53,507(Bank Interest 1,01,494) | 0 | 18,35,045 | 18,19,956 (Bank Interest ഉൾപ്പെടെ) |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | (വ്യത്യാസം 69,716/-) |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 55,28,300 | 55,28,300 | | 21,89,964 | 33,38,336 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | | 53,13,000 | 53,13,000 | | 42,98,854 | 10,14,146 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 5,99,65,686 | 80 | 3,95,59,065 | 23 | 20 | 65 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2,046 | 14,66,509 | 14,68,555 | 14,59,595 | 8,960 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,63,07,000 | 5,63,07,000 | 5,63,07,000 | 0 |
| **ആകെ** | **2,046** | **5,77,73,509** | **5,77,75,555** | **5,77,66,595** | **8,960** |

## 1-7 ക്ഷേമപദ്ധതികൾ

| പേര് | ചെലവ് | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 1,56,90,800 | 1506 |
| വിധവ പെൻഷൻ | 58,57,000 | 591 |
| വാർദ്ധക്യ കാല പെൻഷൻ | 1,23,85,900 | 1290 |
| വികലാംഗ പെൻഷൻ | 27,82,600 | 274 |
| വിവാഹ ധനസഹായം | 1,20,000 | 94 |
| പ്രൊഡക്ഷൻ ബോണസ് | 22,520 | 37 |
| അവിവാഹിത പെൻഷൻ | 6,20,000 | 65 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.7.2023 തീയതിയിൽ 03:30 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,247/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് ആഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) തെരുവ് വിളക്കുകൾ പൂർണ്ണമായും മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതല മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. ആയത് പാലിക്കപ്പെട്ടിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഭൂരിഭാഗം പ്രവർത്തികളുടെ ഫയലിലും ഉൾപ്പെടുത്തിയിട്ടില്ല.

3) തൊഴിൽ നികുതി, ആയത് ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ വിഭാഗം ആളുകളിൽനിന്നും ഈടാക്കാത്തതിനാലും, കടത്ത് ലേലം തുടങ്ങിയ പ്രധാന തനത് വരുമാനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാലും, സ്വതവെ തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന തനത് വരുമാനത്തിൽ പോലും കുറവുണ്ടാകുന്നു.

4) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ ഉപയോഗിച്ച് നടപ്പിലാക്കിയ മെറ്റീരിയൽ പ്രവർത്തികളിൽ ഫൈനൽ ബില്ലിൽ നിന്നും ആദായ നികുതി/ജി.എസ്.ടി. തുടങ്ങിയവ ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് അനുവദിച്ചു നൽകിയത് മൂലം കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്.

5) ക്ഷേമ പെൻഷനുകൾ ഗുണഭോക്താവിന്റെ മരണശേഷവും വിതരണം നടത്തുകയും, അനർഹർ കൈപ്പറ്റുകയും ചെയ്യുന്നു. ആയത് നിരീക്ഷിച്ച്, തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

6) 2017 മുതൽ ലഭിച്ച വിവിധയിനം ഡെപ്പോസിറ്റ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം നാളിതുവരെ തനതു ഫണ്ടിൽ മുതൽക്കൂട്ടുകയോ, തിരികെ നൽകുകയോ ചെയ്തിട്ടില്ല.

7) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം ഒരു ഓഫീസിലെ ഫർണിച്ചർ, ബുക്ക്സ് & സ്റ്റേഷനറി, ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം നടത്തുന്ന വകുപ്പുകളിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, തുടങ്ങിയവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഇപ്രകാരം സ്റ്റേഷനറി, കംപ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഫർണിച്ചറുകൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കംപ്യൂട്ടറുകൾക്കും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കുമായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ വാറന്റിയുടെ വിവരം, ബില്ലിന്റെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയിട്ടില്ല.

8) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 153 പ്രകാരം വകുപ്പ് തലവൻ തന്റെ ചുമതലയിലുള്ള സ്റ്റോറിന്റെ മാർച്ച് 31 ലെ സ്ഥിതി വിവരം മെയ് മാസത്തിൽ എടുക്കേണ്ടതും ഉപയോഗശൂന്യമായവ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ഇതു സംബന്ധിച്ച് റിപ്പോർട്ട് ജൂൺ 15ന് മുമ്പ് മേലധികാരിക്ക് നൽകേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സ്റ്റോക്കെടുപ്പ് നടത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

9) ടൂറിസത്തിന് വളരെയധികം സാധ്യതയുള്ള ഈ പഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന – ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ലൈസൻസ് - 11,000/- രൂപ കുറവായി ഈടാക്കി-

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന അപേക്ഷകനിൽ നിന്നും ലൈസൻസ് ഫീ കുറവ് ഈടാക്കിയതായി കാണുന്നു.

| അപേക്ഷകൻ / കെട്ടിട നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|
| ബിവറേജസ് കോർപ്പറേഷൻ | 15,000 | 4,000 | 11,000 |

| | | | |
|---|---|---|---|
| ഔട്ട് -ലെറ്റ്, ചേന്നംക്കരി | | | |
| ലൈസൻസ് അപേക്ഷ പ്രകാരം മൂലധന നിക്ഷേപം 30,82,17,710/-രൂപയാണ്. കേരള പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം 10 കോടിയലധികം മൂലധനനിക്ഷേപമുള്ള ടി സ്ഥാപനം ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | |

ഈയിനത്തിൽ 11,000/- രൂപ കുറവായി ഈടാക്കിയത് തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-11 സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല**

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ മാവേലി സ്റ്റോർ, നെടുമുടി എന്ന സ്ഥാപനം ഒന്നാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി (1250/-)ഒടുക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:07, തീയതി 14.07.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-12 പാലത്തിക്കാട് കടത്ത് ലേലം- 25,000/- രൂപ കുടിശ്ശിക നിലനിൽക്കുന്നു**

പഞ്ചായത്തിലെ 2022-23 ലേല രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള പാലത്തിക്കാട് കടത്ത് 75,000/- രൂപയ്ക്ക് ലേലം കൊണ്ട ശ്രീ.പ്രദീപ്, കണ്ണാട്ടുചിറ 25,000/- രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ലേല കുടിശ്ശിക തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷത്തിന് (നം:13, തീയതി:-.15.07.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പ്രകാരം ശ്രീ.പ്രദീപ്, എന്നയാൾക്ക് A3.666/20 Dtd 14.09.2022, A3.666/20 Dtd 03.01.2023 കത്തുകളും A3.704/20 Dtd 31.03.2023 നം. നോട്ടീസും നൽകിയിരുന്നു. തുടർന്നും തുക അടവാക്കാതിരുന്നതിനാൽ 04.04.2023 തീയതിയിൽ 2023/3428/04 നമ്പരായി RR Online അപേക്ഷ ബഹു.ജില്ലാകളക്ടർക്ക് നൽകിയിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-**

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്നു കാണുന്നു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. തന്മൂലം ദേശസാൽകൃത ബാങ്കുകൾ വഴി പെൻഷൻ കൈപ്പറ്റുന്നവരുടെ അക്കൌണ്ടിലേക്കും, വീടുകളിൽ എത്തിച്ചു നൽകുന്നവർക്കുവേണ്ടി സഹകരണ ബാങ്കുകളുടെ അക്കൌണ്ടിലേക്കും മരണശേഷവും തുക വിതരണം ചെയ്തതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ബാങ്ക് അക്കൌണ്ട് മുഖേന പെൻഷൻ ലഭിച്ചവർ-

| ക്രമ നം. | പേര്/ മേൽവിലാസം | മരിച്ച തീയതി/ മരണ | പെൻഷൻ തരം /ഐ ഡി | അനർഹമായ കാലയളവിൽ നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | രജിസ്ട്രേഷൻ തീയതി | | | |
| 1 | രാമചന്ദ്രൻ നായർ | 2.04.2022/ 25.04.2022 | കർഷക തൊഴിലാളി പെൻഷൻ 413055421912 | 5/2022-6/2022 വരെ 3,200/-രൂപ | ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 2 | മറിയം | 22.04.2022/ 24.05.2022 | വാർദ്ധ്യകകാല പെൻഷൻ 854646681829 | 5/2022-6/2022 വരെ 3,200/-രൂപ | ” |
| 3 | ആന്റണി ജോസഫ് | 26.06.2022/ 19.07.2022 | വാർദ്ധ്യകകാല പെൻഷൻ 747175724080 | 7/2022-11/2022 വരെ 8,000/-രൂപ | ” |
| 4 | ക്ലാരമ്മ വർക്കി | 29.07.2022/ 27.08.2022 | വാർദ്ധ്യകകാല പെൻഷൻ 900537772007 | 8/2022-9/2022 വരെ 3,200/-രൂപ | ” |
| 5 | ജനാർദ്ദനൻ | 02.09.2022/ 26.09.2022 | കർഷക തൊഴിലാളി പെൻഷൻ 654603293366 | 10/2022-11/2022 വരെ 3,200/- രൂപ | ” |
| 6 | അലക്സാണ്ടർ ആന്റണി | 16.09.2022/ 07.10.2022 | വാർദ്ധ്യകകാല പെൻഷൻ 264146220014 | 10/2022- 11/2022 വരെ 3,200/- രൂപ | ” |
| 7 | അജിതകുമാരി | 24.09.2022/ 14.10.2022 | വികലാംഗ പെൻഷൻ 636388835868 | 10/2022- 11/2022 വരെ 3,200/- രൂപ | ” |
| 8 | ജാനകി അമ്മ | 18.12.2022/ 27.01.2022 | വാർദ്ധ്യകകാല പെൻഷൻ 876757878011 | 1/2023- 3/2023 വരെ 4,800/- രൂപ | “ |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 32,000/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

2. സഹകരണ സൊസൈറ്റികൾ മുഖേന വിതരണം നടത്തിയത്-

| | | | | | |
|---|---|---|---|---|---|
| 1 | ജനാർദ്ദനൻ | 15.03.2022/ 25.04.2022 | കർഷക തൊഴിലാളി പെൻഷൻ 890100142998 | 4/2022- 6/2022 4,800/- രൂപ | സഹകരണ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി |

| | | | | | |
|---|---|---|---|---|---|
| 2 | ബ്രിജിത് ചാണ്ടി | 26.04.2022/ 20.05.2022 | വാർദ്ധ്യകകാല പെൻഷൻ 384813219552 | 5/2022-6/2022 3,200/- രൂപ | ,, |
| 3 | സുബ്രമണ്യ കുറുപ്പ് | 22.04.2022/ 20.05.2022 | കർഷക തൊഴിലാളി പെൻഷൻ 337960337154 | 5/2022-6/2022 3,200/- രൂപ | ,, |
| 4 | രത്നമ്മ | 10.05.2022 24.05.2022 | കർഷക തൊഴിലാളി പെൻഷൻ 994259309104 | 5/2022-6/2022 3,200/- രൂപ | |
| 5 | ഏലിക്കുട്ടി ജോസഫ് | 10.05.2022 13.06.2022 | കർഷക തൊഴിലാളി പെൻഷൻ 520145056876 | 5/2022-6/2022 3,200/- രൂപ | |
| 6 | ഔസേപ്പ് ജോസഫ് | 03.05.2022 13.06.2022 | വാർദ്ധ്യകകാല പെൻഷൻ 830678498876 | 5/2022-6/2022 3,200/- രൂപ | |
| 7 | തങ്കമണിയമ്മ | 04.06.2022 24.06.2022 | വിധവ പെൻഷൻ 829339264550 | 5/2022-6/2022 3,200/- രൂപ | |
| 8 | ത്രേസ്യമ്മ ജോസഫ് | 23.05.2022 24.06.2022 | വാർദ്ധ്യകകാല പെൻഷൻ 980980651432 | 5/2022-6/2022 3,200/- രൂപ | |
| 9 | ഏലിയമ്മ ദേവസ്യ | 14.07.2022 20.07.2022 | കർഷക തൊഴിലാളി 433368928584 | 8/2022-11/2022 വരെ 6,400/- രൂപ | |

ബാങ്കുകളുടെ അക്കൌണ്ടിൽ ഇപ്രകാരം വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ആകെ തുക തിട്ടപ്പെടുത്തി, കണക്ക് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതും ഡിബിറ്റി സെല്ലിലേക്ക് തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്. നേരിട്ട് പെൻഷൻ വിതരണം ചെയ്യുന്ന സംഗതികളിൽ ഏതൊക്കെ സഹകരണ ബാങ്കുകൾ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നതെന്നും, ഇപ്രകാരം വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ എല്ലാ മാസവും മരണപ്പെട്ട ഗുണഭോക്താക്കളുടെ റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും അറിയിക്കേണ്ടതാണ്.

**1-14 തുക ഒടുക്കിയിട്ടും മരുന്ന് യഥാസമയം ലഭ്യമായില്ല**

പ്രോജക്ട് നം - S0127/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് ഔഷധ വിതരണത്തിനുള്ള അനുബന്ധ സാമഗ്രികൾ വാങ്ങൽ
ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)
അടങ്കൽ – 3,00,000/-
ചെലവ് – 3,00,000/- (BRN No-22060452017300848996/1.12.22)

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണം നടത്തിയ ടി പ്രോജക്ട് ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകളും ഔഷധ വിതരണത്തിനുള്ള അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള പദ്ധതിയിൽ 3,00,000/-രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട് .

അഡ്വാൻസായി തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളും ഔഷധ വീതരണത്തിനുള്ള അനുബന്ധ സാമഗ്രകളും ലഭിയ്ക്കാത്തതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/14.07.2023) മറുപടി ലഭ്യമാക്കിയതിൽ ഹോംകോ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. മേൽവിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെയോ പഞ്ചായത്ത് ഭരണസമിതിയുടെയോ ശ്രദ്ധയിൽപ്പടുത്തി, മരുന്നിന്റെ ലഭ്യത ഉറപ്പാക്കാൻ തക്കവിധം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 മൺചട്ടി - പ്രോജക്ടിനേക്കാൾ അധിക നിരക്കിൽ വാങ്ങി

കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത ഞങ്ങളും കൃഷിയിലേക്ക്-വനിതാ ഗ്രൂപ്പുകൾക്ക് ഗ്രോ ബാഗ് വിതരണം എന്ന പ്രോജക്ടിൽ അംഗീകരിച്ച പ്രോജക്ടിൽ നിന്നും അധിക നിരക്കിൽ മൺചട്ടി വാങ്ങിയത് അധിക ചെലവിനിടയാക്കി.(പ്രോജക്ട് നം S0121/23).വിശദവിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-16 ഗ്രോ ബാഗ് വിതരണം എസ്.സി - ഗുണഭോക്തൃവിഹിതം ഈടാക്കിയത് ചെലവഴിച്ചില്ല

പ്രോജക്ട് നം - S0124/23

പ്രോജക്ടിന്റെ പേര് - ഞങ്ങളും കൃഷിയിലേക്ക്-ഗ്രോ ബാഗ് വിതരണം എസ്.സി

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 33,750 | 24,300 |
| ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) | 11,250 | 0 |
| ആകെ | 45,000 | 24,300 |

നെടുമുടി ഗ്രാമ പഞ്ചായത്തിലെ എസ്.സി.കർഷകർക്ക് പച്ചക്കറി തൈകൾ ഉൾപ്പടെയുള്ള മൺചട്ടി വിതരണം ചെയ്യുന്നു. 10 മൺചട്ടി ഉൾപ്പെടുന്ന ഒരു യൂണിറ്റിന് (ഒരു യൂണിറ്റ് = 10 എണ്ണം)1,350/-രൂപ സബ്സിഡിയും 450/-രൂപ ഗുണഭോക്തൃവിഹിതവുമടക്കം 1800/- രൂപ ചെലവ്.

KAICO-യുടെ 28.03.23 തീയതിയിലെ AMB/950/22-23 നം.ഇൻവോയ്സ് പ്രകാരം ഗ്രോബാഗ് വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | TOTAL AMOUNT |
|---|---|---|---|
| Seedlings And Potting Mixture Filled In Clay Pot | 180 Nos | 180 | 32,400 |

പച്ചക്കറി തൈകൾ ഉൾപ്പടെയുള്ള മൺചട്ടി 18 ഗുണഭോക്താക്കൾക്ക് 10 എണ്ണം വീതം നൽകി.

ഗുണഭോക്തൃവിഹിതം 18 ഗുണഭോക്താക്കളിൽ നിന്നും 450/-രൂപ വീതം ഈടാക്കി 8,100/-രൂപ കൃഷി ഓഫീസർ പഞ്ചായത്തിൽ അടവാക്കി.

വികസനഫണ്ടിൽ(എസ്.സി.പി) നിന്നും 24,300/-രൂപ KAICO-യ്ക്ക് നൽകി(ബിൽ റഫറൻസ് നം.597/29.03.23 തുക 24300/-). എന്നാൽ ഗുണഭോക്തൃവിഹിതം ഇനത്തിലെ 8,100/-രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും KAICO-യ്ക്ക് നൽകിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22 തീയതി : 20.07.23) മറുപടി ലഭ്യമാക്കിയില്ല. 8,100/-രൂപ KAICO-യ്ക്ക് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-17 കുറ്റിക്കുരുമുളക് തൈ വിതരണം - അപാകതകൾ**

കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത ഞങ്ങളും കൃഷിയിലേക്ക്-കുറ്റിക്കുരുമുളക് തൈ വിതരണം -വനിതാ ഗ്രൂപ്പുകൾക്ക് എന്ന പ്രോജക്ടിൽ(പ്രോജക്ട് നം. S0123/23) ഗുണഭോക്തൃവിഹിതം കൃത്യമായി ഈടാക്കിയില്ല. വിശദ വിവരത്തിന് ഖണ്ഡിക 3-2 കാണുക.

**1-18 സബ് സെന്ററുകളുടെ വാടക - കരാർ പ്രകാരമുള്ള തുകയേക്കാൾ അധികം പിൻവലിച്ചു**

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചെമ്പുംപുറം നിർവ്വഹണം ചെയ്ത സബ് സെന്ററുകളുടെ വാടക എന്ന പ്രോജക്ടിൽ കരാർ പ്രകാരമുള്ള തുകയേക്കാൾ അധികം തുക പിൻവലിച്ചു. വിശദ വിവരത്തിന് ഖണ്ഡിക 3-3 കാണുക.

**1-19 മഴക്കാല പൂർവ ശുചീകരണം- തുക ചെലവഴിച്ചില്ല-1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

2022-23 വർഷം മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഒരു വാർഡിന് 10,000 രൂപ വീതം 15 വാർഡുകൾക്കായി ആകെ 1,50,000 രൂപ വിതരണം ചെയ്യുന്നതിന് സി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. (BRN No-22060452003401239660 തീയതി 24.02.2023) 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെയും ശുചിത്വ മിഷൻ അക്കൌണ്ടുകളിൽ 10,000- രൂപ വീതം അക്കൌണ്ട് ട്രാൻഫർ ചെയ്തിരുന്നു. 15 വാർഡുകളിലെ ചെലവ് രേഖകൾ, വാർഡ് തല സാനിട്ടേഷൻ സമിതിയുടെ അക്കൗണ്ടിന്റെ പാസ്ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ചെലവ് രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19.07.2023)മറുപടി ലഭ്യമാക്കിയില്ല. എന്നാൽ 15 വാർഡുകളും ഈ തുക ചെലവഴിച്ചിട്ടില്ലെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. മഴക്കാല പൂർവ ശുചീകരണ പ്രവർത്തികൾക്ക് തുക ചെലവഴിച്ചിട്ടില്ലാത്തതിനാൽ 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

**1-20 ഫൈൻ ഈടാക്കിയതിൽ കുറവ് 2,788/-**

സാംസ്കാരിക നിലയം -ഭൂത പണ്ഡം തോട് നവീകരണം പ്രവൃത്തിയുടെ ഫൈനൽബില്ലിൽ നിന്നും 2% തുകയായ 5,874/- രൂപ ഫൈൻ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. ടി തുക 2nd & പാർട്ട് ബിൽ തുകയായ 2,93,670/- രൂപയുടെ 2% ആണ്. ഫൈൻ ഈടാക്കേണ്ടത് കരാർ തുകയുടെ 2% ആണ്. ഇപ്രകാരം ഈടാക്കാതിരുന്നതിനാൽ 2,788/-കുറവ് സംഭവിക്കാനിടയായി. വിശദാംശം ഖണ്ഡിക 3-5 ൽ കൊടുക്കുന്നു.

**1-21 ആദായ നികുതി ഈടാക്കിയില്ല – നഷ്ടം 7,367/-**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ശ്രീ.മത്തായി കെ. ആന്റണി കരാർ വെച്ച് കാറിമക്കും, ഗുഡ് എർത്തും സപ്ലൈ ചെയ്തിട്ടുള്ള റോഡ് പ്രവൃത്തികളിൽ കരാറുകാരന് സാധന വിലയിനത്തിൽ തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി ഈടാക്കിയില്ല അതിനാൽ 7,367/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശത്തിന് ഖണ്ഡിക 3-7 കാണുക.

**1-22 GST ഈടാക്കിയില്ല. നഷ്ടം - 14,735/-**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മത്തായി കെ. ആന്റണി കരാർ വെച്ച് കാറിമക്കും, ഗുഡ് എർത്തും സപ്ലൈ ചെയ്തിട്ടുള്ള റോഡ് പ്രവൃത്തികളിൽ കരാറുകാരന് സാധന വിലയിനത്തിൽ 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി. കുറവ് ചെയ്തിട്ടില്ല. അതിനാൽ 14,375/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശത്തിന് ഖണ്ഡിക 3- 6 കാണുക.

## 1-23 ആദായ നികുതി ഈടാക്കിയില്ല നഷ്ടം - 11,208/-

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ചു നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ സ്പന്ദന കൺസ്ട്രക്ഷൻ ഗ്രൂപ്പിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. തൻ വർഷം വിവിധ ബില്ലുകൾ പ്രകാരം 5,60,400/- രൂപ അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചപ്പോൾ ആദായ നികുതിയിനത്തിൽ 11,208/- (2%) രൂപ ഈടാക്കേണ്ടതായിരുന്നു. തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദാംശത്തിന് ഖണ്ഡിക 3-8 കാണുക.

## 1-24 വില മുൻകൂറായി നൽകിയെങ്കിലും ആയുർവ്വേദ മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

പ്രോജക്ട് നം - S0008/23

പ്രോജക്ടിന്റെ പേര് - ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ-13,00,000/-(മെയിന്ററനൻസ് ഫണ്ട് റോഡിതരം)

ചെലവ്-13,00,000/-

ചെലവ് വിവരം

1.BRN No-2206045201730092480I, 17.12.2022, – 10,00,000/-
2.BRN No-22060452017301226954, 22.2.2023, – 3,00,000/-

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ടി പ്രോജക്ടിന് ബിൽ നം-2 പ്രകാരം മരുന്നു വാങ്ങുന്നതിനായി 3,00,000/-രൂപ പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് അക്കൌണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ 2,60,278/-രൂപയുടെ മരുന്ന് ലഭിച്ചതിന്റെ ഇൻവോയ്സ് മാത്രമാണ്ഹാജരാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 39,722/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.

അഡ്വാൻസായി തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിയ്ക്കാത്തതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.5/14.07.2023)നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ പണം നൽകിയിട്ടും രോഗികൾക്ക് യഥാസമയം മരുന്ന് ലഭിക്കാത്ത വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരുന്ന് അടിയന്തിരമായി ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനവിലയിനത്തിൽ മാർക്കറ്റ് നിരക്കിനേക്കാളും കൂടുതൽ അനുവദിച്ചു

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തികളായ സുഭിക്ഷ കേരളം പദ്ധതിയിൽ പശുതൊഴുത്ത് നിർമ്മാണത്തിന് സാധന വിലയിനത്തിൽ മാർക്കറ്റ് നിരക്കിനേക്കാളും കൂടുതൽ തുക അനുവദിച്ചു. ഗുണഭോക്താക്കൾക്ക് ചെലവായ തുകയുടെ ബില്ലുകൾ വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്നവർക്ക് കൂടുതൽ നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

1. ശോഭന ഹരികുമാർ, കൊച്ചുപറമ്പ് - 6,062/-

2. മോഹൻദാസ്, മാത്തൂർ പൈക്കര - 2,512/-

3. വിനു വി. അജിതാ ഭവനം - 2,736/-

വിശദാംശത്തിന് ഖണ്ഡിക 3-9 കാണുക.

## 1-26 ചെലവ് വൗച്ചറിനേക്കാൾ അധികം തുക വാഹനവാടക നൽകി

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചെമ്പുംപുറം നിർവ്വഹണം ചെയ്ത പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും മറ്റ് ആരോഗ്യ പ്രവർത്തനങ്ങൾക്കും വാഹന വാടക എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം. S 0013/23(സ്പിൽ ഓവർ)) വൗച്ചറുകൾ പ്രകാരമുള്ള തുകയേക്കാൾ അധികം തുക വാഹന വാടക ഇനത്തിൽ നൽകി. വിശദ വിവരത്തിന് ഖണ്ഡിക 3-4 കാണുക.

## 1-27 അനുപൂരക പോഷകാഹാര പരിപാടി -അപാകത

അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ കൈനകരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നീതി

സ്റ്റോറിൽ നിന്നുമാണ് വാങ്ങിവരുന്നത്. സാമൂഹ്യ നീതിവകുപ്പിന്റെ 06.08.2019 – ലെ ബി1/493/2019/ സാ.നീ.വ നം. സർക്കുലർ പ്രകാരം ചില നിബന്ധനകൾക്കു വിധേയമായി സപ്ളൈകോ സ്റ്റോറുകളുടെ NOC കൂടാതെ സർവ്വീസ് സഹകരണ ബാങ്കുകൾ നടത്തുന്ന നീതി സ്റ്റോറുകളിൽ നിന്നും സാധനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. അപ്രകാരം ചെയ്യുമ്പോൾ പ്രസ്തുത സാധനങ്ങളുടെ വില സപ്ലൈകോ സ്റ്റോറുകളിലെ വിലയ്ക്ക് തുല്യമോ കുറവോ ആയിരിക്കണമെന്ന് ടി സർക്കുലറിൽ പറയുന്നു. ഇതു സംബന്ധിച്ച് എല്ലാ മാസവും ഒരു തവണയെങ്കിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ വിലനിലവാരം പരിശോധിച്ച് പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം താരതമ്യ കണക്ക് സൂക്ഷിക്കുന്നതായി ഫയലിൽ കാണുന്നില്ല.
വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.21/19.7.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 നിക്ഷേപ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷം ഭൂജല വകുപ്പിൽ നിക്ഷേപ പ്രവൃത്തിക്കായി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടിലായി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ താഴെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1) പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

2) തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രവൃത്തിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | നൽകിയ തുക | ഫണ്ടിനം | ബിൽ നം./ വൗച്ചർ നം./ തീയതി |
|---|---|---|---|---|---|
| 1 | S0079/23 തച്ചാട്ട് ചിറ കോളനി പമ്പ് ഹൗസ് അറ്റകുറ്റപ്പണി | ഭൂജല വകുപ്പ് | 4,06,000/- | ധനകാര്യ കമ്മീഷൻ അവാർഡ് | XVFC/2022-23/P/7 9.12.22 |
| ആകെ തുക | | | 4,06,000/- | | |

മേൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1 തീയതി : 11.07.23), പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രദേശത്ത് വെള്ളക്കെട്ട് ഉള്ളതിനാൽ മെഷർമെന്റ് എടുത്തിട്ടില്ലായെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും ഭൂജല വകുപ്പ് ജില്ലാ ഓഫീസർ അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകി. 4,06,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന പദ്ധതി- നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ

ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി മുൻ വർഷങ്ങളിൽ തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം ആരംഭിക്കാത്ത/പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | നൽകിയ തുക/ അവസാന ഗഡു കൈപ്പറ്റിയ തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സതിയമ്മ ആർ., കൊച്ചുപറമ്പ്, തോട്ടുവാത്തല | 40000/- 10.7.2018 | പണി ആരംഭിച്ചിട്ടില്ല |
| 2 | രേവമ്മ സോമൻ, കാവാത്ത്, തോട്ടുവാത്തല | 40000/- 26.3.2021 | പണി ആരംഭിച്ചിട്ടില്ല |
| 3 | സ്മിത ഷാബു, മുല്ലക്കൽ, നടുഭാഗം | 40000/- 28.6.2021<br>160000/-15.3.2022<br>ആകെ 200000/- | ഫൗണ്ടേഷൻ |
| 4 | ജിനേഷ് കുമാർ, അൻപതിൽ ചിറ, നടുഭാഗം | 40000/-26.3.2021<br>40000/-(2021),<br>40000/-(2022)<br>60000/- (2022)<br>ആകെ 180000/- | ഫൗണ്ടേഷൻ |

ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ഐ.കെ.എം. വിഹിതം - ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം. - S0070/23

പ്രോജക്ടിന്റെപേര് - ഐ.കെ.എം. വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 64325/-

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്ദൻകോട് പേർസണൽ ബാങ്കിംഗ് ശാഖയിലെ 57047023512 നം.അക്കൗണ്ടിൽ 64,325/-രൂപ നൽകി.(ബിൽ നം.9/22-23/13.9.22 തുക 64325/-).എന്നാൽ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.02/11.07.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 64,325/- തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 സ്ട്രീറ്റ് മെയിൻ വലിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല

2022-23 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്കായി സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ ചേർക്കുന്ന പ്രോജക്ട് മുഖേന കെ.എസ്.ഇ.ബി. യിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

പ്രോജക്ട് നം. - S 0001/23

പ്രോജക്ടിന്റെപേര് - സ്ട്രീറ്റ് മെയിൻ വലിക്കൽ

വകയിരുത്തൽ

വികസനഫണ്ട് - 22,18,704/-

നെടുമുടി ഗ്രാമ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും സ്ട്രീറ്റ് മെയിൻ വലിച്ച് വഴി വിളക്ക് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി.യിൽ ഡിപ്പോസിറ്റ് ചെയ്യുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. പൂർണ്ണമായും തുക ചെലവഴിച്ച മേൽ പ്രവൃത്തിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | എസ്റ്റിമേറ്റ് തുക | അടവാക്കിയ തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | തോട്ടയ്ക്കാട് പാലം മുതൽ ജ്യോതി ജംഗ്ഷൻ വരെ 3733 മീറ്റർ | 5,47,375 | 5,47,375 | 1/22-23 /4.8.22 |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ കൂട്ടിച്ചേർക്കുക, 6 ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സുകൾ സ്ഥാപിക്കുക | | | |
| 2 | വൈശ്യംഭാഗം എൽ.പി സ്കൂൾ മുതൽ തോട്ടയ്ക്കാട് വരെ 1171 മീറ്റർ സ്ട്രീറ്റ് മെയിൻ കൂട്ടിച്ചേർക്കുക, 698 മീറ്റർ സിംഗിൾ ഫെയിസ് ലൈൻ വലിക്കുക, 6 ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സുകൾ സ്ഥാപിക്കുക | 5,77,162 | 5,77,162 | 8/22-23 /25.8.22 |
| 3 | തട്ടാറ മുതൽ തൈച്ചേരി വരെ 1740 മീറ്റർ സ്ട്രീറ്റ് മെയിൻ കൂട്ടിച്ചേർക്കുക, 8 ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ ബോക്സുകൾ സ്ഥാപിക്കുക | 6,52,257 | 6,52,257 | 23/22-23 /8.12.22 |
| **ആകെ** | | | **17,76,794/-** | |

മേൽ തുക കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ, ചമ്പക്കുളത്തിന് നൽകി. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖയില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6 തീയതി : 14.07.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 17,76,794/- തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പുതിയ തനതുവരുമാന മേഖലകൾ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന തീരുമാനങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി യോഗങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്.

1. 22.03.2023-ലെ ജി.ഒ.(എം.എസ് )നം.77/2023-ൽ എൽഎസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശ പ്രകാരം 01.04.2023 പ്രാബല്യത്തിൽ പരിഷ്ക്കരിച്ച വസ്തു നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ ഭരണസമിതിയുടെ 24.07.2023-ലെ 10(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്. സോഫ്റ്റ്‌വെയറിൽ നിരക്ക് അപ്ഡേഷൻ നടത്തിയിട്ടില്ലാത്തതിനാൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

2. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പിരിച്ചെടുക്കുന്നതിന് യോഗങ്ങളിൽ ചർച്ചചെയ്യുന്നുണ്ട്. ലേല കുടിശ്ശിക പിരിച്ചെടുക്കാൻ ആർ.ആർ നടപടിക്ക് ശുപാർശ നൽകിയിട്ടുണ്ട്. മറ്റ് വരവിനങ്ങൾക്ക് കുടിശ്ശിക ഇല്ല.

3. സ്ഥാപന ഉടമകളുടെയും ജീവനക്കാരുടെയും പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല.

4. പഞ്ചായത്തിലെ വിവിധ നികുതി/ നികുതിയേതര വരവുകളുടെ ഡിമാന്റിംഗ് -പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 10.10.2022, 09.12.2022 തീയതികളിലെ മീറ്റിങ്ങുകളിൽ ചർച്ച ചെയ്തതായി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നു വിലയിരുത്തുന്നു. 01.06.2022-ലെ സ.ഉ(കൈ) നം.117/2022/LSGD നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുകയോ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി 3 മാസത്തിൽ ഒരിക്കൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. ഇത്തരത്തിൽ 3 മാസത്തിൽ ഒരിക്കൽ നികുതി/ നികുതിയേതര വരവുകളുടെ ഡിമാന്റിംഗ് -പിരിവ് പുരോഗതി വിലയിരുത്തുന്നതിനായി ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയും ആയത് ചർച്ച ചെയ്യുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലൈസൻസ് - കുറവായി ഈടാക്കി-11,000/- രൂപ നഷ്ടം

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന അപേക്ഷകനിൽ നിന്നും ലൈസൻസ് ഫീ കുറവ് ഈടാക്കിയതായി കാണുന്നു.

| അപേക്ഷകൻ / കെട്ടിട നം. | രസീത് നം. | തുക ഈടാക്കേണ്ടത് | തുക ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ബിവറേജസ് കോർപ്പറേഷൻ ഔട്ട് -ലെറ്റ്, ചേന്നംക്കരി | | 15,000 | 4,000 | 11,000 |
| അപേക്ഷ പ്രകാരം മൂലധന നിക്ഷേപം 30,82,17,710/- രൂപയാണ്. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 7, പട്ടിക II പ്രകാരം 10 കോടിയലധികം മൂലധനനിക്ഷേപമുള്ള ടി സ്ഥാപനം ലാർജ് എന്ററർപ്രൈസസ് വിഭാഗത്തിൽപ്പെടുന്നതാണ്. | | | | |

ഈയിനത്തിൽ 11,000/- രൂപ കുറവായി ഈടാക്കിയത് തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 മൺചട്ടി - പ്രോജക്ടിനേക്കാൾ അധിക നിരക്കിൽ വാങ്ങി

പ്രോജക്ട് നം. - S0121/23

പ്രോജക്ടിന്റെ പേര് - ഞങ്ങളും കൃഷിയിലേക്ക്-വനിതാ ഗ്രൂപ്പുകൾക്ക് ഗ്രോ ബാഗ് വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 4,91,400 | 2,28,555 |
| ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) | 1,63,800 | 0 |
| ആകെ | 6,55,200 | 2,28,555 |

ഒരു ഗുണഭോക്തൃഗ്രൂപ്പിന് 40 എണ്ണം മൺചട്ടി വീതം 91 ഗ്രൂപ്പിന് വിതരണം ചെയ്യുന്നു.(5,400/-രൂപ സബ്സിഡി 1,800/-രൂപ ഗുണഭോക്തൃവിഹിതം).

1)KAICO-യുടെ 13.02.23 തീയതിയിലെ AMB/467/22-23 നം. ഇൻവോയ്സ് പ്രകാരം മൺചട്ടി വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | TOTAL AMOUNT |
|---|---|---|---|
| Seedlings And Potting Mixture Filled In Clay Pot | 1440 | 200 | 2,88,000 |

2)KAICO-യുടെ 09.01.23 തീയതിയിലെ AMB/373/22-23നം.ഇൻവോയ്സ് പ്രകാരം മൺചട്ടി വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | TOTAL AMOUNT |
|---|---|---|---|
| Seedlings And Potting Mixture Filled In Clay Pot | 2200 | 180 | 3,96,000 |

ഗുണഭോക്തൃവിഹിതം 91 ഗ്രൂപ്പുകളിൽ നിന്നുമായി 1,60,785/-രൂപ കൃഷി ഓഫീസർ പഞ്ചായത്തിൽ അടവാക്കി. (88 ഗ്രൂപ്പുകൾ 1,800/-രൂപ വീതം (3520 തൈകൾക്ക്) 1,58,400/-രൂപയും 3 ഗ്രൂപ്പുകൾ 53 തൈകൾക്ക് 2,385/-രൂപയും ഉൾപ്പടെ 1,60,785/-രൂപ).

അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ക്രമ നം.1 പ്രകാരം 1440 ക്രമ നം.2 പ്രകാരം 2200 വീതം ഒട്ടാകെ 3640 മൺചട്ടികൾ വാങ്ങിയതിൽ 3573 എണ്ണത്തിന്റെ ഗുണഭോക്തൃവിഹിതം മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയത്. 67 മൺചട്ടികളുടെ ഗുണഭോക്തൃവിഹിതം ഇനത്തിലെ തുക 3,015/-രൂപ(67X45/- = 3015/-) ഗ്രൂപ്പുകളിൽ നിന്ന് ഈടാക്കിയിട്ടില്ല.

2) ക്രമ നം.1 പ്രകാരമുള്ള 2,88,000/-രൂപയിൽ, വികസനഫണ്ടിൽ നിന്നും 2,28,555/-രൂപ KAICO-യ്ക്ക് നൽകി(ബിൽ റഫറൻസ് നം.474/28.03.23 തുക 228555/-). അംഗീകരിച്ച പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും നൽകേണ്ട തുക 2,16,000/-. 12,555/-രൂപ വികസനഫണ്ടിൽ നിന്നും അധികം നൽകി. എന്നാൽ ഗുണഭോക്തൃവിഹിതം ഇനത്തിലെ 72,000/-രൂപ KAICO-യ്ക്ക് നൽകിയിട്ടില്ല.

3) ക്രമ നം.2 പ്രകാരമുള്ള 3,96,000/-രൂപയിൽ, വികസനഫണ്ടിൽ നിന്നും നൽകേണ്ട 2,97,000/-രൂപയും ഗുണഭോക്തൃവിഹിതം ഇനത്തിലെ 99,000/-രൂപയും KAICO-യ്ക്ക് നൽകിയിട്ടില്ല.

4) ക്രമ നം.1 ൽ മൺചട്ടി ഒന്നിന് 200/-രൂപ നിരക്കിലും ക്രമ നം.2 ൽ മൺചട്ടി ഒന്നിന് 180/-രൂപ നിരക്കിലും ആണ് വാങ്ങിയിട്ടുള്ളത്. നിരക്കിൽ വ്യത്യാസം നിലനിൽക്കുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23 തീയതി : 20.07.23) മറുപടി ലഭ്യമാക്കിയില്ല.

1) ക്രമ നം.1 പ്രകാരം 3,015/-രൂപ ഈടാക്കേണ്ടതാണ്.
2) 2 ബില്ലുകളിൽ നിന്നുമായി വികസനഫണ്ടിൽ നിന്നും നൽകാൻ ബാക്കിയുള്ള തുകയും (75%) ഗുണഭോക്തൃവിഹിതവും KAICO-യ്ക്ക് നൽകേണ്ടതാണ്.
3) അംഗീകരിച്ച പ്രോജക്ട് പ്രകാരം മൺചട്ടി 1 എണ്ണം 180/- രൂപ നിരക്കിൽ ആണ് വാങ്ങേണ്ടത്. ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരവും 10 ഇഞ്ച് മൺചട്ടിയുടെ വില 180/-രൂപയാണ്. ആയതിനാൽ 1440 മൺചട്ടികൾ 200/-രൂപ പ്രകാരം വാങ്ങിയതുമൂലം ഉണ്ടായ അധികചെലവ് 28,800/-രൂപയും (1440X20=28800/-)ക്രമ നം.1 പ്രകാരമുള്ള 3,015/-രൂപയും ഉൾപ്പടെ 31,815/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-2 കുറ്റിക്കുരുമുളക് തൈ വിതരണം - അപാകതകൾ

പ്രോജക്ട് നം. - S0123/23

പ്രോജക്ടിന്റെ പേര് - ഞങ്ങളും കൃഷിയിലേക്ക്-കുറ്റിക്കുരുമുളക് തൈ വിതരണം -വനിതാ ഗ്രൂപ്പുകൾക്ക്

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 3,41,250 | 3,34,350 |
| ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) | 1,13,750 | 0 |
| ആകെ | 4,55,000 | 3,34,350 |

അംഗീകൃത സ്ഥാപനങ്ങൾ മുഖേന കുറ്റിക്കുരുമുളക് തൈകൾ വാങ്ങുന്നു. ഒരു ഗുണഭോക്തൃഗ്രൂപ്പിന് 50 എണ്ണം വീതം 91 ഗ്രൂപ്പിന് വിതരണം ചെയ്യുന്നു.(3,750/-രൂപ സബ്സിഡി 1,250/-രൂപ

ഗുണഭോക്തൃവിഹിതം).

1) KAICO-യുടെ 13.02.23 തീയതിയിലെ AMB/465/22-23നം.ഇൻവോയ്സ് പ്രകാരം കുറ്റിക്കുരുമുളക് തൈ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | TOTAL AMOUNT |
|---|---|---|---|
| Bush Pepper | 1708 | 100 | 170800 |

2) KAICO-യുടെ 09.01.23 തീയതിയിലെ AMB/371/22-23നം.ഇൻവോയ്സ് പ്രകാരം കുറ്റിക്കുരുമുളക് തൈ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Item | Qty | Rate | TOTAL AMOUNT |
|---|---|---|---|
| Bush Pepper | 2750 | 100 | 275000 |

ഗുണഭോക്തൃവിഹിതം 91 ഗ്രൂപ്പുകളിൽ നിന്നുമായി 1,10,200/-രൂപ കൃഷി ഓഫീസർ പഞ്ചായത്തിൽ അടവാക്കി. (87 ഗ്രൂപ്പുകൾ 1,250/-രൂപ വീതം (4350 തൈകൾക്ക്) 1,08,750/-രൂപയും 4 ഗ്രൂപ്പുകൾ 58 തൈകൾക്ക് 1450/-(58X25 = 1450/-)രൂപയും ഉൾപ്പടെ 1,10,200/-രൂപ)

കുറ്റിക്കുരുമുളക് തൈകൾ 91 ഗ്രൂപ്പുകൾക്ക് നൽകി.

അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ക്രമ നം.1 പ്രകാരം 1708 ക്രമ നം.2 പ്രകാരം 2750 വീതം ഒട്ടാകെ 4458 തൈകൾ വാങ്ങിയതിൽ 4408 എണ്ണത്തിന്റെ ഗുണഭോക്തൃവിഹിതം മാത്രമാണ് പഞ്ചായത്തിൽ അടവാക്കിയത്. 50 കുരുമുളക് തൈകളുടെ ഗുണഭോക്തൃവിഹിതം ഇനത്തിലെ തുക 1,250/-രൂപ(50X25/- = 1250/-) ഗ്രൂപ്പുകളിൽ നിന്ന് ഈടാക്കിയിട്ടില്ല.

2) വികസനഫണ്ടിൽ നിന്നും 3,34,350/-രൂപ KAICO-യ്ക്ക് നൽകി(ബിൽ റഫറൻസ് നം.520/22-23/28.03.23 തുക 334350/-). എന്നാൽ ഗുണഭോക്തൃവിഹിതം ഇനത്തിലെ 1,11,450/-രൂപ KAICO-യ്ക്ക് നൽകിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ നിലനിൽക്കുന്നത് 1,10,200/-രൂപ മാത്രമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.24 തീയതി : 20.07.23) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃവിഹിതം ഇനത്തിലെ തുക 1,250/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-3 സബ് സെന്ററുകളുടെ വാടക - കരാർ പ്രകാരമുള്ള തുകയേക്കാൾ അധികം പിൻവലിച്ചു

പ്രോജക്റ്റ് നം. - S 0086/23

പ്രോജക്റ്റിന്റെ പേര് - സബ് സെന്ററുകളുടെ വാടക

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

വകയിരുത്തൽ

തനത് ഫണ്ട് - 75,000/-

നെടുമുടി ഗ്രാമ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഭാഗമായ സബ് സെന്ററുകൾക്ക് വാടക നൽകുന്നതിന് ലക്ഷ്യമിട്ട പ്രോജക്റ്റ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള വീടുകളുടെ ഒരു മുറി പ്രതിമാസ വാടക നിശ്ചയിച്ച് ഉടമകളുമായി കരാർ ചമച്ചാണ് സബ് സെന്ററുകൾ പ്രവർത്തിക്കുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

**പട്ടിക 1**

ചെക്ക് നം. 048232 തീയതി : 25.10.22 തുക 30,000/-

| ക്രമ നം. | സബ് സെന്റർ | സബ് സെന്റർ പ്രവർത്തിക്കുന്ന വാർഡ് നം./കെട്ടിട നം./ഉടമ | കരാർ പ്രകാരം പ്രതിമാസ വാടക | നൽകിയ തുക | കാലയളവ് | സാംഖ്യ ബിൽ പ്രകാരം തുക കൈപ്പറ്റിയ ജെ.പി.എച്ച്.എൻ. |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | നടുഭാഗം | 9/263<br>ജോപ്പൻ.ടി.ആന്റണി | 500 | 6,000 | 20-21 | ഷജീല ടി.ജി. |
| 2 | നടുഭാഗം | 9/263<br>ജോപ്പൻ.ടി.ആന്റണി | 500 | 6,000 | 21-22 | ശ്രീമോൾ എ.കെ. |
| 3 | നെടുമുടി | 2/126<br>രമേശൻ | 500 | 6,000 | 20-21 | യമുന എം.എസ്. |
| 4 | വൈശ്യംഭാഗം | 12/11<br>അപ്പുക്കുട്ടൻ സി. | 500 | 6,000 | 20-21 | മീനു ലോകനാഥൻ |
| 5 | തോട്ടുവാത്തല | 5/217<br>രതീദേവി | 500 | 6,000 | 20-21 | ഇന്ദു എൽ. |
| **ആകെ** | | | | **30,000** | | |

**<u>പട്ടിക 2</u>**

ചെക്ക് നം. 052622 തീയതി : 22.02.23 തുക 45,000/-

| ക്രമ നം. | സബ് സെന്റർ | സബ് സെന്റർ പ്രവർത്തിക്കുന്ന വാർഡ് നം./ കെട്ടിട നം./ഉടമ | കരാർ പ്രകാരം പ്രതിമാസ വാടക | നൽകിയ തുക | കാലയളവ്(12 മാസം), അനുവദനീയമായ തുക | അധികം കൈപ്പറ്റിയ തുക | സാംഖ്യ ബിൽ പ്രകാരം തുക കൈപ്പറ്റിയ ജെ.പി.എച്ച്.എൻ. |
|---|---|---|---|---|---|---|---|
| 1 | നെടുമുടി | 2/126<br>രമേശൻ | 500 | 9,000 | 21-22<br>6,000 | 3,000 | ഷജീല.ടി.ജെ |
| 2 | പൊങ്ങ | 4/78<br>തോമസ് എബ്രഹാം | 700 | 9,000 | 21-22<br>8,400 | 600 | ശ്രീമോൾ എ.കെ. |
| 3 | വൈശ്യംഭാഗം | 12/11<br>അപ്പുക്കുട്ടൻ സി. | 500 | 9,000 | 21-22<br>6,000 | 3,000 | യമുന എം.എസ്. |
| 4 | നടുഭാഗം | 9/263<br>ജോപ്പൻ ടി.ആന്റണി | 500 | 9,000 | 21-22<br>6,000 | 3,000 | മീനു ലോകനാഥൻ |
| 5 | തോട്ടുവാത്തല | 5/217<br>രതീദേവി | 500 | 9,000 | 21-22<br>6,000 | 3,000 | ഇന്ദു എൽ. |
| ആകെ | | | | 45,000 | | 12,600 | |

അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പട്ടിക 1 പ്രകാരം 6,000/- രൂപ വീതം ഒട്ടാകെ 30,000/-രൂപ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ജെ.പി.എച്ച്.എൻ. മാരുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഉടമകളുടെ കൈപ്പറ്റ് രശീതി പ്രകാരം 6,000/- രൂപ വീതം യഥാക്രമം ഷഹനാസ് എസ്., ഷഹനാസ് എസ്., ഷാമില ടി.ജെ.,

റീന, സുജാത എന്നീ ജെ.പി.എച്ച്.എൻ.മാരിൽ നിന്നും കൈപ്പറ്റിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ജെ.പി.എച്ച്.എൻ.മാരുടെ അക്കൗണ്ടിലേക്കല്ല തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.

2) പട്ടിക 1 ൽ ക്രമ നം.2, പട്ടിക 2 ൽ ക്രമ നം.4 പ്രകാരവും ജോപ്പൻ ടി.ആന്റണിക്ക് 21-22 കാലയളവിലെ തുക കിട്ടിയതായി കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടുണ്ട്. 2 തവണ തുക നൽകി.

3) പട്ടിക 2 ൽ ഉടമകളുടെ കരാർ പ്രകാരമുള്ള തുകയേക്കാൾ കൂടിയ തുകയാണ് ജെ.പി.എച്ച്.എൻ.മാരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 12,600/-രൂപ അധികം പിൻവലിച്ചു.

4) കെട്ടിട ഉടമകളുടെ അക്കൗണ്ടിലേക്ക് തുക നൽകുന്നില്ല. പകരം ജെ.പി.എച്ച്.എൻ.മാരുടെ അക്കൗണ്ടിൽ തുക നൽകുന്നു.

5) ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 5 സബ് സെന്ററുകളിൽ താഴെ ചേർക്കുന്ന 2 എണ്ണത്തിൽ ഉടമയുടെ പേരിൽ വ്യത്യാസം കാണുന്നു.

| ക്രമ നം. | സബ് സെന്റർ | കെട്ടിട നം. | കരാർ പ്രകാരം ഉടമ | സഞ്ചയ രജിസ്റ്റർ പ്രകാരം ഉടമ |
|---|---|---|---|---|
| 1 | നെടുമുടി | 2/126 | രമേശൻ, കാട്ടേഴം | പൊന്നപ്പൻ, കാട്ടേഴം |
| 2 | തോട്ടുവാത്തല | 5/217 | രതീദേവി, നാനാട്ടുകളം | ശാന്തമ്മ, നാനാട്ടുകളം |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.19/19.07.23) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം.3 പ്രകാരം കരാർ തുകയേക്കാൾ അധികം കൈപ്പറ്റിയ 12,600/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-4 ചെലവ് വൗച്ചറിനേക്കാൾ അധികം തുക വാഹനവാടക നൽകി

പ്രോജക്ട് നം. - S 0013/23(സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും മറ്റ് ആരോഗ്യ പ്രവർത്തനങ്ങൾക്കും വാഹന വാടക

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

<u>വകയിരുത്തൽ</u>

തനത് ഫണ്ട് - 25,200/-

<u>ചെലവ്</u>

ചെക്ക് നം. 6329235 തീയതി : 10.06.22 തുക 25,060/-

മേൽ സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും 25,060/-രൂപയുടെ ചെലവുണ്ട്. ആയതിന് ഹാജരാക്കിയ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ 37 വൗച്ചറുകളിൽ 2 വൗച്ചറുകൾ പ്രകാരമുള്ള തുകയേക്കാൾ അധികം തുക വാഹന വാടക ഇനത്തിൽ(KL 04 Z 1725) ശ്രീ.സുബാഷിന്റെ 33479895718 നം.(എസ്.ബി.ഐ.) അക്കൗണ്ടിലേക്ക് നൽകി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | ഇനം | വൗച്ചർ പ്രകാരമുള്ള തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 204/24.01.22 | DVS(District Vaccine Store) ൽ നിന്ന് വാക്സിൻ കൊണ്ടു വന്നു | 400 | 890 | 490 |

| | | | | | |
|---|---|---|---|---|---|
| 2 | 205/05.02.22 | DVS(District Vaccine Store) ൽ നിന്ന് വാക്സിൻ കൊണ്ടു വന്നു | 400 | 890 | 490 |
| | **ആകെ** | | **800/-** | **1,780/-** | **980/-** |

800/- രൂപയുടെ ചെലവിന് 1,780/- രൂപ നൽകി. 980/-രൂപ അധികം നൽകിയതിന് വിശദീകരണം രേഖാമൂലം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/14.07.23)മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 980/-രൂപ ഈടാക്കേണ്ടതാണ്.

**3- 5 ഫൈൻ ഈടാക്കിയതിൽ കുറവ് 2,788/-**

സാംസ്കാരിക നിലയം -ഭൂത പണ്ഡം തോട് നവീകരണം പ്രവൃത്തിയുടെ ഫൈനൽബില്ലിൽ നിന്നും 2% തുകയായ 5,874/- രൂപ ഫൈൻ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. ടി തുക 2nd & പാർട്ട് ബിൽ തുകയായ 2,93,670/- രൂപയുടെ 2% ആണ്. ഫൈൻ ഈടാക്കേണ്ടത് കരാർ തുകയുടെ 2% ആണ്. ഇപ്രകാരം ഈടാക്കാതിരുന്നതിനാൽ കുറവു സംഭവിക്കാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S093/22 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ജിഗു ജോസഫ് |
| കരാർ തുക | 4,33,090 |
| അളവു പുസ്തകം | 1/22-23 |
| ഈടാക്കിയ ഫൈൻ | 293670 @2% = 5874 |
| ഈടാക്കേണ്ട ഫൈൻ | 433090 @2% = 8662 |
| കുറവ് | 2788 |

കുറവു വന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/19.07.23) മറുപടി ലഭ്യമാക്കിയില്ല. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

**3-6 ജി.എസ്.ടി. ഈടാക്കിയില്ല. നഷ്ടം - 14,735/-**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30.07.19-ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017-ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന റോഡ് പ്രവൃത്തികളിൽ ആവശ്യമായ ക്വാറിമക്കും, ഗുഡ് എർത്തും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്ടി കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | അനുവദിച്ച സാധന വില | ഈടാക്കേണ്ട ജിഎസ്ടി(2%) | FTO No./ തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പുതുശ്ശേരി മുതൽ പടിഞ്ഞാറോട്ട് മക്കും ഗ്രാവലും നിർമ്മാണം ഘട്ടം - 1 | മത്തായി കെ ആന്റണി | 380246 | 7605 | 01.04.22 |
| 2 | വാർഡ് 8 ൽ കൊളപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | ടി | 356490 | 7130 | 14.04.22 |
| | | | | 14735 | |

ജി.എസ്.ടി. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/19.07.23) മറുപടി ഹാജരാക്കിയില്ല.

**<u>3-7 ആദായ നികുതി ഈടാക്കിയില്ല – നഷ്ടം 7,367/-</u>**

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത താഴെപ്പറയുന്ന മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാർക്ക് സാധന വില അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയില്ല. 1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | അനുവദിച്ച സാധന വില | ഈടാക്കേണ്ട ഐ.ടി.(1%) | FTO No./ തീയതി |
|---|---|---|---|---|---|
| 1 | പുതുശ്ശേരി മുതൽ പടിഞ്ഞാറോട്ട് മക്കും ഗ്രാവലും നിർമ്മാണം ഘട്ടം - 1 | മത്തായി കെ. ആന്റണി | 380246 | 3802 | 01-04-22 |
| 2 | വാർഡ് 8 ൽ കൊളപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | ടി | 356490 | 3565 | 14-04-22 |
| | | | | 7367 | |

കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/19.07.23) മറുപടി ലഭ്യമാക്കിയില്ല.

**<u>3-8 ആദായ നികുതി ഈടാക്കിയില്ല നഷ്ടം – 11,208/-</u>**

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ കോൺക്രീറ്റിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച് നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ സ്പന്ദന കൺസ്ട്രക്ഷൻ ഗ്രൂപ്പിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ 2,480/- രൂപയും 2022-23 ൽ 3,000/- രൂപയുമാണ് ബോർഡിന്റെ നിരക്ക്. മേൽ ഗ്രൂപ്പിന് വിവിധ പ്രവൃത്തികളിൽ ബോർഡ് സ്ഥാപിച്ചതിന് തൻ വർഷം വിവിധ ബില്ലുകൾ പ്രകാരം 5,60,400/- രൂപ അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചപ്പോൾ ആദായ നികുതി ഈടാക്കിയില്ല. 1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് സ്പന്ദന കൺസ്ട്രക്ഷൻ ഗ്രൂപ്പിൽ നിന്നും ആദായ നികുതിയിനത്തിൽ 11,208/- (2%) രൂപ ഈടാക്കേണ്ടതായിരുന്നു. തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/19.07.23) മറുപടി ഹാജരാക്കിയില്ല.

## <u>3-9 വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനവിലയിനത്തിൽ മാർക്കറ്റ് നിരക്കിനേക്കാളും കൂടുതൽ അനുവദിച്ചു. നഷ്ടം 11,310/-</u>

തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി ചെയ്ത വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തികളായ സുഭിക്ഷ കേരളം പദ്ധതിയിൽ പശുതൊഴുത്ത് നിർമ്മാണത്തിന് സാധന വിലയിനത്തിൽ മാർക്കറ്റ് നിരക്കിനേക്കാളും കൂടുതൽ തുക അനുവദിച്ചു. ഗുണഭോക്താക്കൾക്ക് ചെലവായ തുകയുടെ ബില്ലുകൾ വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ കൂടുതൽ നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

1. ഗുണഭോക്താവ് - ശോഭന ഹരികുമാർ, കൊച്ചുപറമ്പ്

| ഇനം | ഉപയോഗിച്ച അളവ് | അനുവദിച്ച നിരക്കും തുകയും | ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരമുള്ള നിരക്കും അനുവദനീയമായ തുകയും | അധികം | FTO തീയതി |
|---|---|---|---|---|---|
| സ്റ്റീൽ | 83.2 Kg | 87.32/Kg<br>7,628/- രൂപയെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും അനുവദിച്ചത് 6,880/- | 83.2 @ 55.60 = 4626<br>(പുഷ്പഗിരി കൺസ്ട്രക്ഷൻ കരുവാറ്റ ബിൽ നമ്പർ 359/31-12-2021) | 2254 | 30-04-22 |
| സോളിഡ് ബ്രിക്സ് 30 X20x15 | 452 .376എണ്ണം | 45/Each<br>20356 | 452.376 @ 36.58 = 16548<br>(പുഷ്പഗിരി ഹോളോ ബ്രിക്സ് , കരുവാറ്റ ബിൽ നമ്പർ 138/31-12-21 | 3808 | 30-04-22 |
| | | | | 6062 | |

2. ഗുണഭോക്താവ് -മോഹൻദാസ്, മാത്തൂർ പൈക്കര

| ഇനം | ഉപയോഗിച്ച അളവ് | അനുവദിച്ച നിരക്കും തുകയും | ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരമുള്ള നിരക്കും അനുവദനീയമായ തുക | അധികം | FTO തീയതി |
|---|---|---|---|---|---|
| സ്റ്റീൽ | 97.2 Kg | 80.24/Kg<br>8189/- രൂപയെന്ന് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും അനുവദിച്ചത് 8150/- | 97.2 @ 58 = 5638<br>( വാചാ പറമ്പിൽ ഏജൻസീസ് ബിൽ നമ്പർ 629/14-10-2021) | 2512 | 12-04-22 |

3. ഗുണഭോക്താവ് - വിനു വി. അജിതാ ഭവനം

| ഇനം | ഉപയോഗിച്ച അളവ് | അനുവദിച്ച നിരക്കും തുകയും | ഗുണഭോക്താവ് ഹാജരാക്കിയ ബിൽ പ്രകാരമുള്ള നിരക്കും അനുവദനീയമായ തുകയും | അധികം | FTO തീയതി |
|---|---|---|---|---|---|
| സോളിഡ് ബ്രിക്സ് 30 X20x15 | 421 എണ്ണം | 45/Each<br>18945 | 421 @ 38.50= 16209<br>(റയാൻസ് ട്രേഡേഴ്സ്, ചമ്പക്കുളം ബിൽ നമ്പർ RT10200/17-03-22 | 2736 | 15-07-22 |

ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുമ്പോൾ ഹാജരാക്കുന്ന ബിൽ പ്രകാരമുള്ള മാർക്കറ്റ് നിരക്കോ SECURE സോഫ്റ്റ്‌വെയർ പ്രകാരമുള്ള നിരക്കോ ഇതിൽ ഏതാണോ കുറവ് അത് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022/23 | 1,00,000 | അനുപൂരക പോക്ഷക ആഹാരം | 1,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2022/23 | 4,00,000 | ലൈഫ് മിഷൻ | 4,00,000 | 0 |
| ജില്ല പഞ്ചായത്ത് | 2022/23 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022/23 | 5,03,444 | പാലിയേറ്റീവ് കെയർ | 5,03,444 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022/23 | 3,43,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 3,43,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022/2023 | 1,17,561 | അനുപൂരക പോക്ഷക ആഹാരം | 1,17,561 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022/2023 | 9,00,000 | ലൈഫ് മിഷൻ – ജനറൽ | 9,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022/2023 | 5,00,000 | ലൈഫ് മിഷൻ – എസ്.സി | 5,00,000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | കെ.പി കോളനി പബ് ഹൌസ് മെയിന്റനൻസ് | -- | 1,47,000 | 1,47,000 | 0 |
| ഭൂജല വകുപ്പ് | മംഗലശ്ശേരി കുടിവെള്ള പദ്ധതി | -- | 3,89,000 | 3,89,000 | 0 |
| ഭൂജല വകുപ്പ് | തച്ചാട്ടുചിറ കോളനി പബ് ഹൌസ് മെയിന്റനൻസ് | -- | 4,06,000 | 4,06,000 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ വലിക്കൽ | -- | 22,18,704 | 22,18,704 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 0/-രൂപ വരവും 2,60,000/- രൂപ ചിലവഴിച്ചിട്ടുമുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം | GO(M)S NO 68/2018/LSGD | 1,70,32,488- (OB) | 1,70,32,488/- | 18,51,196/- | 1,51,81,292/- | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,12,321/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2019-20 | 1-25, 3-3 | 3,639 | SABU CHACKO (Contractor) | 1220700198/16.05.2022 |
| 2019-20 | 1-25, 3-3 | 3,569 | SABU CHACKO (Contractor) | 1220700199/16.05.2022 |
| 2019-20 | 1-25, 3-3 | 2,470 | SABU CHACKO (Contractor) | 1220700200/16.05.2022 |
| 2019-20 | 1-25, 3-3 | 4,124 | MATHEW AUGESTIN (Contractor) | 1220700202/18.05.2022 |
| 2020-21 | 1-25,3-3 | 2,819 | JOSEPH KUNCHERIYA (Contractor) | 1220700490/10.08.2022 |
| 2019-20 | 1-26, 3-4 | 7,278 | SABU CHACKO (Contractor) | 1220700198/16.05.2022 |
| 2019-20 | 1-26, 3-4 | 7,138 | SABU CHACKO (Contractor) | 1220700199/16.05.2022 |
| 2019-20 | 1-26, 3-4 | 4,940 | SABU CHACKO (Contractor) | 1220700200/16.05.2022 |
| 2019-20 | 1-26, 3-4 | 8,248 | MATHEW AUGESTIN (Contractor) | 1220700202/18.05.2022 |
| 2020-21 | 1-26, 3-4 | 5,638 | JOSEPH KUNCHERIYA (Contractor) | 1220700490/10.08.2022 |
| 2020-21 | 1-11 | 3,300 | Thomas Mathew (Contractor) | 1220701503/13.01.23 |
| 2010-11, 2011-12 | 2/3 | 1,000 | ST. THOMAS UP SCHOOL | 1220700435/20.07.2022 |
| 2015-16 | 3(8) | 3,200 | VINOD P.V. (Assistant Secretary) | 1220700680/26.09.2022 |
| 2017-18 | 3-3 | 7,820 | SAJUMON PATHROSE (Secretary) | 120700767/12.10.2022 |
| 2019-20 | 1-10 | 1,069 | ICDS SUPERVISOR, NILA | 1220700162/05.05.2022 |

| | | | | |
|---|---|---|---|---|
| 2020/21 | 1(11) | 2,500 | V. J. JOSEPH | 1220701524/18.01.2023 |
| 2019-20 | 1-17 | 10,000 | ഉഷാകുമാരി | 1220700177/09.05.22 |
| 2019-20 | 1-17 | 10,000 | ഉഷാകുമാരി | 1220700302/16.06.22 |
| 2019-20 | 1-17 | 10,000 | ഉഷാകുമാരി | 1220700401/13.07.22 |
| 2019-20 | 1-17 | 10,000 | ഉഷാകുമാരി | 1220700501/16.08.22 |
| 2019-20 | 10-10 | 1,069 | ICDS SUPERVISOR | 1220700162/05.05.22 |
| 2020-21 | 1-11 | 2,500 | V. J. JOSEPH (Contractor) | 1220701524/18.01.23 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/ സർചാർജ് നടപടി വിവരങ്ങൾ

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 3,53,64,719 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,44,04,171 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 11,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 49,433 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 23,97,119 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 11,000 | | ശ്രീ.ബിജു കെ., സെക്രട്ടറി |
| 3-1 | | 31,815 | ശ്രീമതി വന്ദന വി., കൃഷി ഓഫീസർ |
| 3-2 | | 1,250 | ശ്രീമതി വന്ദന വി., കൃഷി ഓഫീസർ |
| 3-3 | | 12,600 | ഡോ. നജുമുദ്ദീൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ചെമ്പുംപുറം |
| 3-4 | | 980 | ഡോ.നജുമുദ്ദീൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ചെമ്പുംപുറം |

| | | | |
|---|---|---|---|
| 3-5 | | 2,788 | ശ്രീമതി രശ്മി എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **11,000** | **49,433** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1,50,000 | ഡോ.നജുമുദ്ദീൻ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ചെമ്പുംപുറം |
| 1-28 | 4,06,000 | ശ്രീ.ബിജു കെ., സെക്രട്ടറി |
| 1-30 | 64,325 | ശ്രീ.ബിജു കെ., സെക്രട്ടറി |
| 1-31 | 17,76,794 | ശ്രീ.ബിജു കെ., സെക്രട്ടറി |
| **ആകെ** | **23,97,119** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-6 | 14,735 | ശ്രീമതി അഖില മോഹൻലാൽ അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| | | ശ്രീ.ബിജു കെ., സെക്രട്ടറി |
| | | ശ്രീമതി ലിനാമോൾ എൻ.സി., അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | 7,367 | ശ്രീമതി അഖില മോഹൻലാൽ അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| | | ശ്രീ.ബിജു കെ., സെക്രട്ടറി |
| | | ശ്രീമതി ലീനാ കെ നായർ റ്റി., അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 11,208 | ശ്രീമതി അഖിലാ മോഹൻലാൽ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| | | ശ്രീ.ബിജു കെ., സെക്രട്ടറി |
| | | ശ്രീമതി ലീനാ കെ നായർ റ്റി., അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 11,310 | ശ്രീമതി അഖിലാ മോഹൻലാൽ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| | | ശ്രീ.ബിജു കെ., സെക്രട്ടറി |
| | | ശ്രീമതി ലീനാ കെ നായർ റ്റി., അസിസ്റ്റന്റ് സെക്രട്ടറി |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രശ്മി എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നെടുമുടി ഗ്രാമപഞ്ചായത്ത് | മേട്ടുതറയിൽ, രാമപുരം, കീരിക്കാട് പി.ഒ., ആലപ്പുഴ |
| ശ്രീമതി ലീനാ കെ.നായർ റ്റി., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, നെടുമുടി ഗ്രാമപഞ്ചായത്ത് | മുരളിഭവൻ, തിരുവമ്പാടിപി.ഒ., ആലപ്പുഴ |
| ശ്രീ.ബിജു കെ., സെക്രട്ടറി | സെക്രട്ടറി, നെടുമുടി ഗ്രാമപഞ്ചായത്ത് | ഗോകുലം, സനാതനപുരം പി.ഒ., ആലപ്പുഴ |
| ശ്രീമതി അഖിലാ മോഹൻലാൽ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. നെടുമുടിഗ്രാമ പഞ്ചായത്ത് | മുട്ടുങ്കൽ ചിറയിൽ, കലവറ, പല്ലന പി.ഒ. |
| ശ്രീമതി വന്ദന വി., കൃഷി ഓഫീസർ | കൃഷി ഓഫീസർ, നെടുമുടിഗ്രാമ പഞ്ചായത്ത് | നടുവേലിത്തറ, അറുന്നൂറ്റിമംഗലം പി.ഒ., മാവേലിക്കര |
| ഡോ.നജുമുദ്ദീൻ, മെഡിക്കൽ ഓഫീസർ, സിഎച്ച്സി, ചെമ്പുംപുറം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ചെമ്പുംപുറം | അറാഫാ കോട്ടേജ്, വടശ്ശേരിക്കോണം, വർക്കല, തിരുവനന്തപുരം, പിൻ – 695413 |
| ഡോ.ധന്യ സി., മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം), നെടുമുടി ഗ്രാമ പഞ്ചായത്ത് | ഭദ്രം, പുന്നപ്ര നോർത്ത് പി.ഒ., ആലപ്പുഴ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97<br>2005-06 | എൽ.എഫ്.ജി.എ5/832/2011/31.01.2012<br>(ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത്) |
| 2006-07, 2007-08 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2008-09 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |

| | |
|---|---|
| 2009-10 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2010-11, 2011-12 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2012-13, 2013-14 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി1-1282/2022/04.04.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി1/361/2022/27.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി1/743/2022/16.07.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി1/1729/2022/23.02.2023 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 27-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nedumudi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nedumudi Grama Panchayat for the year 2022-2023

**Date: 03/10/2023** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Nedumudi Grama Panchayat for the Year 2022-2023.**

**1.Major Observations**

Nil

**2.Other Observations**

1) The following Mandatory financial statements prescribed in accounting rules are not submitted for audit.

a) Ratios

b) Notes to accounts

2) According to the previous year balance sheet schedule-1, the excess of income over expenditure of the panchayat was Rs.10604138/-. But this year's Excess of income over expenditure is (-)559468 rupees.

3) Cash flow statement Net Increase/Decrease in cash flow [(-)3468472/- ] does not match with the difference between the opening balance and closing balance of of cash and cash equivalents [960548/-].

4) Collection amount shown in Demand Register of Property Tax does not match with Annual Financial Statement.

| Item | Demand as per AFS | Demand as per Sanchaya software |
|---|---|---|
| Residential Building (Arrears) | 16557 | 16966 |

| | | |
|---|---|---|
| | | |
| Residential Building (Current) | 1343517 | 1337687 |
| Non Residential Building (Arrears) | 177717 | 180304 |
| Non Residential Building (Current) | 1011304 | 1023397 |

5) No demand entry is recorded in the property tax ledger at the beginning of the year and every month thereafter. Demand entry has been recorded on 31.3.2023.

6) According to the Appropriation Control Register, the total expenditure of Development Fund- Central Finance Commission Grant (Tied) for the current year is Rs.5080112/-. But as per annual statement (Income & Expenditure Statement Schedule I-6) the expenditure under this category is Rs.4937212/-. There is a difference of Rs.142900/-
7) As per Balance Sheet Schedule B-4, Development Fund Central Finance Commission Grant (Un Tied) has been shown as a liability of Rs.1889672/- instead of Rs.1819956/-.There is a difference of Rs 69716/-
8) As per the DCB statement of auction register, Arrear for the year 2022-23 is 73606/-. But it is Rs.77850/- as per the Annual Financial Statement
9) The total expenditure as per Schedule I-14(c) of Income & Expenditure Statement is Rs.41106269/-. But as per the statement from MGNREGS, the total expenditure under this category is Rs.57766595/-.
10) The amount received during the year on e-tender fee has not been added as assets of the institution. Also asset register is not kept up to date. Only the assets acquired till 2018 have been added in this register.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്